**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **06-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ ജലജീവൻ മിഷനിലെ ഏതെങ്കിലും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിൽ ജലജീവൻ മിഷനിൽ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിന്നും ജലജീവൻ മിഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ അടങ്കൽ തുക ഉൾപ്പെടെയുള്ള ലഘുവിവരങ്ങളും മേൽ സമർപ്പണങ്ങളും നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ; | (ബി) | 1.ചുങ്കത്തറ എടക്കര, പോത്തുകല്ല്, വഴിക്കടവ് പഞ്ചായത്തുകൾക്കായി പുതിയതായി 19315 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ശുദ്ധീകരണശാലയോട്ടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 28800 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. 2. അമരംമ്പലം, കരുളായി, മൂത്തേടം പഞ്ചായത്തുകൾക്കായി പുതിയതായി 15137 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ശുദ്ധീകരണശാലയോട്ടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 21699 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. 3.പോത്തുകല്ല് പഞ്ചായത്തിലെ വാർഡ് 2 ലേക്കായി 390 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 135 ലക്ഷം രൂപയുടെയും, വഴിക്കടവ് പഞ്ചായത്തിലെ വാർഡ് 7 ലേക്കായി 150 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 66 ലക്ഷം രൂപയുടെയും ഡി .പി .ആർ തയ്യാറാക്കിയിട്ടുണ്ട് . |
| (സി) | പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ മിഷന്റെ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളിൽ പുനഃസമർപ്പണം ആവശ്യമായ ഏതെങ്കിലും പദ്ധതികളുണ്ടോയെന്നും എന്താണ് തിരുത്തൽ വരുത്തേണ്ട ന്യൂനതകളെന്നും അറിയിക്കാമോ; ന്യൂനതകൾ പരിഹരിച്ച് എന്നത്തേക്ക് പദ്ധതികൾ പുനഃസമർപ്പിക്കാനാകുമെന്നും വ്യക്തമാക്കാമോ; | (സി) | രണ്ട് സമഗ്ര കുടിവെള്ള പദ്ധതികളുടെ ഡി.പി.ആർ പുതുക്കേണ്ടതായി വന്നിട്ടുണ്ട്. ശരാശരി ഒരു ഗാർഹിക കണക്ഷന് (per FHTC cost) ഒരു ലക്ഷത്തിനു മുകളിൽ ചിലവ് വന്നത് കാരണമാണ് ഡി. പി. ആർ പുതുക്കേണ്ടി വന്നത് . ആയതു ഒരു ലക്ഷത്തിനു താഴെയാക്കി പുനഃക്രമീകരിക്കേണ്ടതുണ്ട്. 1. ചുങ്കത്തറ എടക്കര, പോത്തുകല്ല്, വഴിക്കടവ് പഞ്ചായത്തുകൾക്കായി പുതിയതായി 19315 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ശുദ്ധീകരണശാലയോട്ടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 28800 ലക്ഷം രൂപയുടെ ഡി.പി.ആർ |

| | | | |
|---|---|---|---|
| | | | പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. 2. അമരംമ്പലം, കരുളായി, മൂത്തേടം പഞ്ചായത്തുകൾക്കായി പുതിയതായി 15137 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ശുദ്ധീകരണശാലയോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 21699 ലക്ഷം രൂപയുടെ ഡീ.പീ.ആർ തയ്യാറാക്കി . എങ്കിലും ശരാശരി ഒരു ഗാർഹിക കണക്ഷന് വരുന്ന ചിലവ് 1 ലക്ഷം രൂപയിൽ കൂടുതൽ ആയതിനാൽ ഈ പദ്ധതിയിൽ ചോക്കാട് പഞ്ചായത്ത് കൂടി ഭാഗീകമായി ഉൾപ്പെടുന്ന വിധത്തിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. രണ്ടു പദ്ധതികളും IV th SLSSC യിൽ പരിഗണിക്കുവാൻ കഴിയും. |
| (ഡി) | സംസ്ഥാനത്ത് ജലജീവൻ മിഷനിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഇനിയും അംഗീകാരം ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ; കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച വിഹിതത്തിൽ ഇനിയും ശേഷിക്കുന്നത് എത്ര കോടി രൂപയാണെന്നും വ്യക്തമാക്കാമോ? | (ഡി) | ജലജീവൻ മിഷനിൽ ഉൾപെടുത്തി എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാനുള്ള ഡി പി ആറുകൾ തയ്യാറാക്കി പഞ്ചായത്തുകളിൽ നൽകി വരുന്നു. പഞ്ചായത്തുകളുടെയും, DWSMന്റെയും അംഗീകാരം ലഭിച്ച് SLSSCയുടെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണു ഭരണാനുമതി നൽകുന്നത്. അംഗീകാരത്തിനായി ഡീ.പീ.ആർ തയ്യാറാക്കി സമർപ്പിക്കുന്ന പ്രക്രിയ പുരോഗമിക്കുന്നു. ആയതു പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അംഗീകാരം ലഭിക്കുന്നതിനുള്ള ബാക്കി പദ്ധതികളുടെ തുക കണക്കാക്കുന്നതിനു സാധിക്കുകയുള്ളൂ. 30-09-2021 ലെ കണക്കു പ്രകാരം കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച വിഹിതത്തിൽ ഇനി 199.87 കോടിരൂപ ശേഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | ഇതു വരെ നൽകിയ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|
| 1 | അമരമ്പലം | 335 | 2000 | 2083 |
| 2 | ചുങ്കത്തറ | 45 | 300 | 270 |
| 3 | എടക്കര | 78 | 500 | 500 |
| 4 | പോത്തുകല്ല് | 47 | 100 | 0 |
| 5 | പോത്തുകല്ല് (ജലനിധി മുഖേന) | 75.1 | 500 | 40 |
| 6 | വഴിക്കടവ് | 12 | 100 | 100 |
| | **ആകെ** | **592.10** | **3500** | **2993** |

സെക്ഷൻ ഓഫീസർ